# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 മെയ് 14 വ്യാഴം**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 1

## ചെറായി പാടശേഖരത്തിലെ കർഷകർക്ക് ആശ്വാസമായി തൃശൂർ-മലപ്പുറം അതിർത്തി പങ്കിട്ട പുതിയ തോട്

തൃശൂർ-മലപ്പുറം അതിർത്തി പങ്കിടുന്ന പുന്നയൂർക്കുളം ചെറായി പാടശേഖരത്തിൽ പുതിയ തോടിന്റെ നിർമ്മാണം പൂർത്തിയായി. 'ഇനി ഞാൻ ഒഴുകട്ടെ' പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കൃഷിയാവശ്യങ്ങൾക്കുള്ള തോട് നിർമ്മാണം. കൃഷിക്ക് ആവശ്യമായ വെള്ളം സംഭരിക്കാൻ വേണ്ടി മാത്രമല്ല, അവശ്യമനുസരിച്ച് വെള്ളം കൂട്ടാനും കുറയ്ക്കാനും കഴിയുമെന്നതാണ് ഈ തോടിന്റെ പ്രത്യേകത. പുതിയ തോട് നിർമ്മാണത്തിലൂടെ മലപ്പുറം പാടശേഖരത്തിലേയും തൃശൂർ പാടശേഖരത്തിലേയും തോടുകൾ ബന്ധപ്പെടുത്തിയത് വഴി നീരൊഴുക്ക് കൂടുതൽ സുഗമമാകും.

ചെറായി പെരിഞ്ചാല് വരെയുണ്ടായിരുന്ന തോടാണ് മലപ്പുറം പാടശേഖരത്തിലെ തോടിന്റെ പടിഞ്ഞാറ് അതിർത്തിയിലേക്ക് കൂടി നീട്ടിയത്. 500 മീറ്റർ നീളത്തിൽ 2 മീറ്റർ വീതിയിലാണ് പുതിയ തോട് നിർമ്മിച്ചിരിക്കുന്നത്. പഞ്ചായത്തിലെ തന്നെ മറ്റ് പല തോടുകളും ഇത്തരത്തിൽ യോജിപ്പിച്ചിട്ടുണ്ടെന്നും ഇത് വഴി ജലലഭ്യത കുറവായിരുന്ന പ്രദേശങ്ങളിലെ കർഷകരുടെ ബുദ്ധിമുട്ട് ഒഴിവാക്കാൻ സാധിക്കുമെന്നും പുന്നയൂർക്കുളം പഞ്ചായത്ത് പ്രസിഡന്റ് എ. ഡി ധനീപ് അറിയിച്ചു. തോട് നിർമ്മാണം വിലയിരുത്താൻ പഞ്ചായത്ത് പ്രതിനിധികൾ സ്ഥലം സന്ദർശിച്ചു. പാടശേഖര ഭാരവാഹികളും നാട്ടുകാരും സന്നിഹിതരായിരുന്നു. വരും വർഷങ്ങളിൽ ആശങ്കയില്ലാതെ മുഴുവൻ പ്രദേശങ്ങളിലും കൃഷിയിറക്കാനും മികച്ച വിള ലഭിക്കാനും ഈ പദ്ധതി വഴി കർഷകർക്ക് സാധിക്കും.

***ഫോട്ടോ അടിക്കുറിപ്പ്: തൃശ്ശൂർ-മലപ്പുറം അതിർത്തി പങ്കിടുന്ന പുന്നയൂർക്കുളം ചെറായി പാടശേഖരത്തിൽ നിർമ്മാണം പൂർത്തിയായ പുതിയ തോട്***

## കുരുന്നിലകൃഷി അടുക്കളത്തോട്ടം കാമ്പയിനുമായി കുടുംബശ്രീ

മൈക്രോ ഗ്രീൻ അടുക്കളത്തോട്ടം കാമ്പയിനുമായി കുടുംബശ്രീ ജില്ലാ മിഷൻ. കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് ലോക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ വീടിനകത്ത് തന്നെ ഒതുങ്ങി ഇരിക്കുന്ന ഈ സമയത്തെ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന് നിരവധി പ്രവർത്തനങ്ങളാണ് കുടുംബശ്രീ കാഴ്ചവച്ചത്.

ഇപ്പോൾ കോവിഡ് പ്രതിരോധത്തിന് പുതിയൊരു മാതൃക സൃഷ്ടിക്കുന്നതിനും കുടുംബശ്രീ തുടക്കം കുറിക്കുന്നു. രോഗപ്രതിരോധ ശേഷി വർധിപ്പിക്കുന്നതിൽ ഇലക്കറികൾക്ക് വലിയ പങ്കുണ്ട്. പ്രത്യേകിച്ചും കുരുന്നിലകൾക്കും (മൈക്രോ ഗ്രീൻസ്), വിത്ത് മുളപ്പിച്ച ഉടനെയുള്ള ബീജങ്കുരങ്ങൾക്കും. സാധാരണ ഇലക്കറികളിൽ ഉള്ളതിനേക്കാൾ പ്രോട്ടീൻ, അമിനോ അമ്ലങ്ങൾ, വൈറ്റമിൻ എ, വൈറ്റമിൻ സി, ലവണങ്ങൾ, അയേൺ, പൊട്ടാസ്യം, കാൽസ്യം തുടങ്ങി മനുഷ്യശരീരത്തിന് എളുപ്പത്തിൽ ആഗിരണം ചെയ്തെടുക്കാൻ കഴിയുന്ന ഒട്ടനവധി സൂക്ഷ്മ മൂലകങ്ങളുടെ കലവറ കൂടിയാണ് മൈക്രോ ഗ്രീൻസ് അഥവാ കുരുന്നിലയും ബീജാങ്കുരവും.

അധികം ചിലവില്ലാതെ വീട്ടിൽ ഇരുന്ന് മൈക്രോ ഗ്രീൻ കൃഷി ചെയ്ത് സ്വയം പ്രതിരോധശേഷി വളർത്തിയെടുക്കും.

ട്രേയും കുറച്ച് കോട്ടൻ തുണിയും അല്ലെങ്കിൽ ടിഷ്യു പേപ്പറും ഉണ്ടെങ്കിൽ അടുക്കളയിൽ തന്നെ മൈക്രോ ഗ്രീൻസ് വളർത്തിയെടുക്കാം. പോഷകസമൃദ്ധമായ ഇലക്കറികൾ നമ്മുടെ ദൈനംദിന ആഹാരത്തിൽ ഉൾപ്പെടുത്തി രോഗ പ്രതിരോധശേഷി വളർത്തിക്കൊണ്ട് കോവിഡ് പ്രതിരോധിക്കുക എന്നതാണ് ഈ ക്യാമ്പയിൻ ലക്ഷ്യമിടുന്നത്. ചെറുപയർ, വൻപയർ, കടല, മുതിര, കടുക്, ഉലുവ തുടങ്ങിയവയും മത്തൻ, വെള്ളരി, ചീര വിത്തുകളും ഇതിനുപയോഗിക്കാം. വിത്ത് കഴുകി 12 മണിക്കൂർ കുതിർത്തശേഷം ട്രേയിൽ തുണി നനച്ച് വിരിച്ച് അതിൽ വിത്തുപാകി മൂടി ഇടുന്നു. നാല്, അഞ്ചു ദിവസത്തെ വളർച്ചയ്ക്ക് ശേഷം വിളവെടുത്ത് നല്ല തോരൻ ഉണ്ടാക്കി ഉപയോഗിക്കാം. കാർഷിക സർവകലാശാലയിലെ പ്രൊഫസറും വെജിറ്റബിൾ സയൻസ് വകുപ്പ് മേധാവിയുമായ ഡോ പ്രദീപ് കുമാറാണ് ഈ ക്യാമ്പയിനാണ് ആവശ്യമായ സാങ്കേതിക പിന്തുണ നൽകുന്നത്. ഈ കൊറോണകാലത്ത് മൈക്രോ ഗ്രീൻ ക്യാമ്പയിൻ ജില്ലയിലെ 24698 അയൽക്കൂട്ടങ്ങളിലുള്ള നാലുലക്ഷത്തോളം അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

***ഫോട്ടോ അടിക്കുറിപ്പ്: കുടുംബശ്രീയുടെ അടുക്കളത്തോട്ടം കാമ്പയിനുമായി മൈക്രോ ഗ്രീൻ***

# എൻ ഐ പി എം ആർ :
# സാറ്റലൈറ്റ് സെന്റർ അങ്കമാലിയിൽ

സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഇരിഞ്ഞാലക്കുട കല്ലേറ്റുങ്കരയിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമായ നാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ അങ്കമാലിയിൽ സാറ്റലൈറ്റ് സെന്റർ തുടങ്ങുന്നു. അങ്കമാലി ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ചാണ് സെന്റർ ഒരുക്കുന്നത്. സെറിബ്രൽ പാൾസി, ഓട്ടിസം, ഇതര ബഹു വൈകല്യങ്ങൾ എന്നീ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുട്ടികൾ, മുതിർന്നവർ എന്നിവർക്കായി ഫിസിയോതെറാപ്പി, സ്പീച്ച്, ഒക്കുപ്പേഷണൽ, ബിഹേവിയറൽ തെറാപ്പികൾ എന്നീ സേവനങ്ങളാണ് സെന്ററിൽ നൽകുക. ഇതിന് ആവശ്യമായ കെട്ടിടം, ഫർണ്ണീച്ചർ, ചികിത്സാ ഉപകരണങ്ങൾ എന്നിവ ബ്ലോക്ക് പഞ്ചായത്ത് ഒരുക്കും. തെറാപ്പിസ്റ്റുകളുടെ സേവനം എൻ ഐ പി എം ആർ ലഭ്യമാക്കും. തുടക്കത്തിൽ ആഴ്ചയിൽ ഒരു ദിവസം എന്ന നിലയിലാണ് പ്രവർത്തനം ആരംഭിക്കുക. പിന്നീട് ആവശ്യാനുസരണം സേവന ദിനങ്ങൾ വർദ്ധിപ്പിക്കും. സാറ്റലൈറ്റ് സെന്റർ ആരംഭിക്കുന്നതിനായി അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച പദ്ധതി സംസ്ഥാന സർക്കാർ അംഗീകരിച്ചു. നിലവിലെ ലോക് ഡൗൺ കാലാവധി തീരുന്ന മുറയ്ക്ക് സെന്റർ പ്രവർത്തനം ആരംഭിക്കുമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

# അന്തിക്കാട് ഗ്രാമപഞ്ചായത്തിൽ
# ഓപ്പറേഷൻ പ്രളയ പദ്ധതിക്ക് തുടക്കമായി

അന്തിക്കാട് ഗ്രാമപഞ്ചായത്തിലെ പ്രളയ പ്രതിരോധ പ്രവർനങ്ങൾക്ക് തുടക്കമായി. ഇരു പ്രളയങ്ങളും അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ താഴ്ന്ന പ്രദേശങ്ങളെ ദുരിതത്തിലാഴ്ത്തിയതിൽ നിന്ന് പാഠമുൾക്കൊണ്ടാണ് പ്രളയ പ്രതിരോധത്തിന് ഓപ്പറേഷൻ പ്രളയ് എന്ന പദ്ധതിക്ക് ആരംഭം കുറിച്ച് പഞ്ചായത്തിന്റെ ഇടപെടൽ.

15 അംഗങ്ങളുടെയും നേതൃത്വത്തിൽ വാർഡുകളിലെ വെള്ളക്കെട്ടിന് കാരണങ്ങളായ എല്ലാ തടസ്സങ്ങളും നീക്കം ചെയ്യും. വെള്ളമൊഴുക്കിനെ തടസ്സപ്പെടുത്തുന്ന എല്ലാ കയ്യേറ്റങ്ങളും പൊളിച്ചുമാറ്റും. ഇതിന്റെ ഭാഗമായി അന്തിക്കാട് കെ ജി എം സ്ക്കൂളിന് പിറകിൽ വർഷങ്ങളായി

നില നിൽക്കുന്ന വെള്ളക്കെട്ടൊഴിവാക്കുന്നതിന് കാനയോട് ചേർന്നുള്ള അനധികൃത കല്ല് കെട്ട് പഞ്ചായത്ത് പ്രസിഡന്റ് എ വി ശ്രീവത്സന്റെ നേതൃത്വത്തിൽ തൊഴിലുറപ്പ് തൊഴിലാളികൾ പൊളിച്ചു മാറ്റി. ശ്രീരാമൻചിറ, മാത്തുതോട്, എന്നിവിടങ്ങളിലെ തടസ്സങ്ങൾ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് താന്ന്യം പഞ്ചായത്തിനും, കനാലുകൾ, ചാലുകൾ, എന്നിവയിലെ ചണ്ടിയും, കുളവാഴയും കാഞ്ഞാണിയിലെ പാലകഴയിലെ തടസ്സങ്ങളും, യുദ്ധ കാലാടിസ്ഥാനത്തിൽ നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട് കെഎൽ ഡി സി അധികൃതർക്കും ഏകോപനം ആവശ്യപ്പെട്ട് തൃശൂർ ജില്ല കളക്ടർക്കും കത്ത് നൽകിയിട്ടുണ്ടെന്നും അന്തിക്കാട് പഞ്ചായത്ത് പ്രസിഡന്റ് എ വി ശ്രീവത്സൻ പറഞ്ഞു. ജലഗമന പാതകൾക്ക് തടസ്സമായി നിൽക്കുന്നതൊന്നും അനുവദിക്കില്ലെന്നും അദ്ദേഹം അറിയിച്ചു.
***ഫോട്ടോ അടിക്കുറിപ്പ്: അന്തിക്കാട് ഗ്രാമപഞ്ചായത്തിലെ വാർഡുകളിലെ വെള്ളകെട്ടിന് കാരണമായ തടസങ്ങൾ നീക്കം ചെയ്യുന്നു***

# മത്സ്യ തൊഴിലാളി സംഘങ്ങൾക്ക് വിപണന വാഹനം നൽകി

സമൂഹത്തിൽ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന മത്സ്യ തൊഴിലാളികളുടെ ഉന്നമനത്തിനായി മത്സ്യ വിപണന വാഹനം നൽകി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് സംഘങ്ങൾക്ക് വാഹനങ്ങളുടെ താക്കോൽ നൽകി പദ്ധതി ഉദ്ഘടനം ചെയ്തു. തീരദേശമേഖലയിലെ മത്സ്യ തൊഴിലാളികളുടെ ഉന്നമനത്തിനായി മത്സ്യ തൊഴിലാളി സഹകരണ സംഘങ്ങൾക്ക് മത്സ്യ വിപണനത്തിനായി ത്രീ വീലർ ക്യാരേജ് വാങ്ങുന്ന പദ്ധതിയാണിത്. ഇതിലൂടെ സംഘങ്ങളുടെ വരുമാന വർധനവും പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയുമാണ് ലക്ഷ്യം.

2,50,000 രൂപ ഒരു വാഹനത്തിന്റ വില നിശ്ചയിച്ച് വാഹനങ്ങൾ വാങ്ങുന്നതിനായി 5,00,000 രൂപയുടെ പ്രൊജക്റ്റായാണ് നടപ്പിലാക്കുന്നത്. ഇതിൽ 50% തുക ജില്ലാ പഞ്ചായത്തിന്റെ ഫണ്ടും 50% തുക ഗുണഭോക്തൃ വിഹിതവുമാണ്. ബി ആർ ഡി മോട്ടോർസ്, തൃശൂർ എന്ന സ്ഥാപനമാണ് ടെൻഡർ നടപടികളിലൂടെ വാഹനം ലഭ്യമാക്കിയത്. പിയാജിയോ ആപേ എക്സ്ട്രാ എൽ ഡി എന്ന വാഹനമാണ് സംഘങ്ങൾക്ക് നൽകുന്നത്. പടിഞ്ഞാറെ വെമ്പല്ലൂർ പെരിഞ്ഞനം മത്സ്യ തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം, ഏങ്ങണ്ടിയൂർ ബംഗ്ലാവ് കടവ് മത്സ്യ തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം എന്നിവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.

മത്സ്യ വിപണന വാഹനം ഉപയോഗിച്ച് മത്സ്യ തൊഴിലാളികൾക്ക് തൊഴിലും സംഘത്തിന് വരുമാന വർധനവും പൊതുജനങ്ങൾക്ക് ശുദ്ധമായ മത്സ്യ ലഭ്യതയും ഉറപ്പ് വരുത്തുവാൻ കഴിയുന്നു. ജെന്നി ജോസഫ്, എൻ കെ ഉദയപ്രകാശ്, വൈസ് പ്രസിഡന്റ് തൃശൂർ ജില്ലാ പഞ്ചായത്ത്, മറ്റ് ജനപ്രതിനിധികൾ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ സുഗതകുമാരി കെ വി എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

# പരീക്ഷ : വിദ്യാർത്ഥികൾക്ക് മാസ്കുകൾ നിർമ്മിച്ച് നൽകി

എസ് എസ് എൽ സി, പ്ലസ് ടു, വി എച്ച് എസ് ഇ പരീക്ഷകൾക്കൊരുങ്ങുന്ന വിദ്യാർത്ഥികൾക്കായി മാസ്കുകൾ നിർമ്മിച്ച് നൽകി. പുത്തൻചിറ ഗവ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, പനങ്ങാട് ഹയർസെക്കന്ററി സ്കൂൾ എന്നിവിടങ്ങളിലെ നാഷണൽ സർവീസ് സ്കീം വളണ്ടിയേഴ്സാണ് സ്കൂളുകളിൽ പരീക്ഷയ്ക്ക് എത്തുന്നവർക്കുള്ള മാസ്കുകൾ ഒരുക്കിയത്. ഇവ സ്കൂളിന് കൈമാറി. പുത്തൻചിറ ഗവ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ പ്രധാനാധ്യാപിക കെ എം ലത, ഹയർസെക്കന്ററി പ്രിൻസിപ്പൽ അനികുമാരി എന്നിവർ എൻ എസ് എസ് ലീഡർ ആൽബർട്ടിൽ നിന്നും മാസ്കുകൾ ഏറ്റുവാങ്ങി. പനങ്ങാട് ഹയർസെക്കന്ററി സ്കൂൾ എൻ എസ് എസ് യൂണിറ്റ് 3000 മാസ്കുകളാണ് നിർമ്മിച്ച് നൽകിയത്. പ്രോഗ്രാം ഓഫീസർ ഇ എം രേഖയിൽ നിന്ന് ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ മാസ്കുകൾ ഏറ്റുവാങ്ങി. യൂണിറ്റ് ശ്രീനാരായണപുരം പഞ്ചായത്ത് പ്രദേശത്ത് ഹോം ക്വാറന്റൈനിൽ കഴിയുന്നവർക്ക് നിർമ്മിച്ച മാസ്കുകൾ സ്കൂൾ മാനേജർ ലോലിത, പിടിഎ പ്രസിഡന്റ് എം പി ജയപ്രകാശ് എന്നിവരിൽ നിന്ന് പഞ്ചായത്ത് പ്രസിഡന്റ് സൗദാ നാസർ ഏറ്റുവാങ്ങി. പഞ്ചായത്ത് വൈസ്

പ്രസിഡന്റ് എം എസ് മോഹനൻ, സ്കൂൾ പ്രിൻസിപ്പൽ ഇ കെ ശ്രീജിത്ത്, സ്കൂൾ ചെയർമാൻ കെ എസ് ശ്രീഹരി തുടങ്ങിയവർ പങ്കെടുത്തു.

# തുടരും